മാധ്യമം
02-07-2018

# കടൽപായലിൽനിന്ന് ഔഷധം: ഡോ. കാജൽ ചക്രവർത്തിക്ക് പുരസ്കാരം


*ഡോ. കാജൽ ചക്രവർത്തി*

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) മുതിർന്ന ശാസ്ത്രജ്ഞനും നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസസ് ഫെലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിൻെറ (ഐ.സി.എ.ആർ) റാഫി അഹ്മദ് കിദ്വായ് പുരസ്കാരം.

അഞ്ചുലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം ജൂലൈ 16ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മാനിക്കും.

പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധം കടൽപായലിൽനിന്ന് വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.

സമുദ്ര ജൈവസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് 'ഡോ. കാജലിൻെറ പ്രവർത്തനമേഖല. കണ്ടുപിടിത്തങ്ങൾക്ക് പേറ്റൻറ് ലഭിച്ചിട്ടുണ്ട്. ഔഷധോൽപന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കാൻ സ്വകാര്യകമ്പനികൾക്ക് സി.എം.എഫ്.ആർ.ഐ അനുമതി നൽകിയിട്ടുണ്ട്.